# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2003 10.10.2011-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജ് - ഐ.സി.യു പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജ് ഐ.സി.യു. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) മെഡിക്കൽ കോളേജ് ഐ.സി.യു. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 20.09.2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലെയും ഐ.സി.യു. സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ചചെയ്ത് ധാരണയായിട്ടുണ്ട്. അപകടത്തിൽ പരിക്കേറ്റ് എത്തുന്ന രോഗികളെ ശുശ്രൂഷിക്കാൻ 'ക്രാഷ് കാർട്ട്' സംവിധാനം ഏർപ്പെടുത്തുന്നതിനും, അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് അടിയന്തിര ഘട്ടം തരണം ചെയ്യുന്നതുവരെ നൽകപ്പെടുന്ന ചികിത്സകൾ നിരീക്ഷിക്കാൻ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കുന്നതിന് കൂടുതൽ വെന്റിലേറ്ററുകൾ വാങ്ങുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനമായി. മെഡിക്കൽ കോളേജുകൾക്ക് അത്യാവശ്യ ഉപകരണങ്ങളും മരുന്നും വാങ്ങുന്നതിനും സൂപ്രണ്ടുമാർക്ക് അനുവദിക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി. |
| (ബി) അപകടത്തിൽ പരിക്കേറ്റ് എത്തുന്ന രോഗികൾക്ക് 'ക്രാഷ് കാർട്ട്' സംവിധാനം ഏർപ്പെടുത്തി പരിശോധിക്കുവാൻ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) അപകടത്തിൽ പരിക്കേറ്റ് എത്തുന്ന രോഗികൾക്ക് 'ക്രാഷ് കാർട്ട്' സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് 20.09.2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അത്യാവശ്യഘട്ടത്തിൽ ഉപയോഗിക്കാനുള്ള എല്ലാ മരുന്നുകളും ഒരു ട്രോളിയിൽ തന്നെ സജ്ജമാക്കിയിട്ടുള്ളതാണ് 'ക്രാഷ് കാർട്ട്' സംവിധാനം. അടിയന്തിര സാഹചര്യത്തിൽ എത്തുന്ന രോഗികൾക്ക് ഉടൻ ചികിത്സ ലഭ്യമാക്കുന്നതിന് ഈ സംവിധാനം സഹായിക്കും. നിലവിൽ തിരുവനന്തപുരത്തെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഈ സംവിധാനമുണ്ട്. |

| | |
|---|---|
| (സി) അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വേണ്ടത്ര ചികിത്സ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (സി) അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വേണ്ടത്ര ചികിത്സ നൽകുന്നതിനായി സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും നിലവിലുള്ള ഐ.സി.യു. സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 'ക്രാഷ് കാർട്ട്' സംവിധാനം ഏർപ്പെടുത്തുന്നതിനും, അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് അടിയന്തിര ഘട്ടം തരണം ചെയ്യുന്നതുവരെ നൽകപ്പെടുന്ന ചികിത്സകൾ നിരീക്ഷിക്കാൻ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കുന്നതിനും, കൂടുതൽ വെന്റിലേറ്ററുകൾ വാങ്ങുന്നതിനും, മെഡിക്കൽ കോളേജുകൾക്ക് അത്യാവശ്യ ഉപകരണങ്ങളും മരുന്നും വാങ്ങുന്നതിന് സൂപ്രണ്ടുമാർക്ക് അനുവദിക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ